**കേരള സർക്കാർ**

സംഗ്രഹം

വനം വന്യജീവി വകുപ്പ്-വനമിത്ര പുരസ്കാരം നിബന്ധനകൾ ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ഇ) വകുപ്പ്

സ.ഉ.(സാ)നം:603 /05/വനം. തിരുവനന്തപുരം. തീയതി: 7/11/2005

---

പരാമർശം:- 1. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 4.7.05-ലെ എസ്. ഡബ്ളിയു.2-405/2005/നമ്പർ കത്ത്
2. 14/10/2005-ലെ 89/05/വനം (കയ്യെഴുത്ത്)നമ്പർ സർക്കാർ ഉത്തരവ്.

## ഉത്തരവ്

പരാമർശം 2-ലെ സർക്കാർ ഉത്തരവ് പ്രകാരം വനസംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വനമിത്ര പുരസ്കാരം ഏർപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. പുരസ്കാരം സംബന്ധിച്ചുള്ള മാർഗ്ഗരേഖകളും നിബന്ധനകളും പരാമർശം ഒന്നിലെ കത്ത് പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിന് സമർപ്പിച്ചു. മാർഗ്ഗരേഖകളും നിബന്ധനകളും വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് അനുബന്ധമായി വച്ച് അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവ് പ്രകാരം
കെ. സുലേഖ
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, തിരുവനന്തപുരം
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ചീഫ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി),തിരുവനന്തപുരം